(സി) ഈ കാലയളവിൽ സംസ്ഥാന പദ്ധതികളുടെ കാര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ ഏതെങ്കിലും തുക പ്രസ്തുത കാലയളവിൽ ചെലവഴിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ച് വരുന്നു.

മിശ്രവിവാഹിതരിൽ പുരുഷനും സ്ത്രീക്കും തുല്യ അംഗീകാരം നൽകുവാൻ നിയമം

89 [1434] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതിയിൽപ്പെട്ടയാളാണെങ്കിൽ അവർക്കും അവരുടെ മക്കൾക്കും സർക്കാരിൽനിന്നും ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മിശ്രവിവാഹിതരിൽ പുരുഷന്റെ ജാതി മാത്രം മക്കൾക്കു പരിഗണിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ?

ഉത്തരം

(എ) 25-1-1977-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 11/77/ഡി.ഡി. പ്രകാരം മിശ്രവിവാഹിത ദമ്പതികളിലൊരാൾ പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ കുട്ടികളെ പട്ടികവിഭാഗത്തിൽപ്പെടുന്നവരായി കണക്കാക്കുകയും അവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾക്ക് അനുവദനീയമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുകയും ചെയ്തിരുന്നു.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായത്തിൽ പിതാവിന്റെ ജാതിയാണ് ഹിന്ദു പാരമ്പര്യ നിയമം അനുസരിച്ച് പരിഗണിക്കേണ്ടതെന്ന് ഉത്തരവായിട്ടുണ്ട്. അതനുസരിച്ചാണ് 20-6-2005-ലെ 25/05/പ.ജ.പ.വ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന പ്രഖ്യാപിത പദ്ധതികൾ

90 [1431] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് പ്രസംഗങ്ങളിലൂടെയും, വകുപ്പ് മന്ത്രിമാർ സഭയിലും പുറത്തും നല്കിയ ഉറപ്പുകളുടേയും അടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളും പരിപാടികളും നടപ്പിലാക്കാൻ ഇനിയും അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly